കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുത്തൂർ ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി 8)196/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി:27.4.2020/5.5.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
പുത്തൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- പുത്തൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-1 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8) 196/2020 തീയതി 27.4.2020/5.5.2020

## തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 31.08.18 മുതൽ 3.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.01.2020 മുതൽ 15.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബേബി പി.വി<br>ഓഡിറ്റ് ഓഫീസർ |
| | ചൈതന്യ പുരുഷോത്തമൻ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | പ്രശാന്ത് ടി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ധന്യ എ.സുരേന്ദ്രൻ, ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | മിനി ഉണ്ണികൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | സുഷമ പി | 01.04.2018 മുതൽ 22.05.2018 വരെ |
| | സുബ്രഹ്മണ്യൻ.ആർ (അധിക | 23.05.2018 മുതൽ |

| | | |
|---|---|---|
| | ചുമതല) | 07.06.2018 AN വരെ |
| | സുഷമ പി | 08.06.2018 FN മുതൽ 16.01.2019 വരെ |
| | സുബ്രഹ്മണ്യൻ.ആർ(അധിക ചുമതല) | 17.01.2019 FN മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | സുബ്രഹ്മണ്യൻ.ആർ | 01.04.18-31.03.19 |
| കൃഷി ഓഫീസർ | അർച്ചന വിശ്വനാഥൻ | 01.04.18-31.3.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | കിമി ബോസ്.കെ. | 01.04.18 FN-05.05.18AN |
| | ഒഴിവ് | 06.05.18-15.05.2018 |
| | അഞ്ജലി പി കെ | 16.05.2018-18.06.18 |
| | സുജ ജോർജ്ജ് സി | 19.06.18-31.03.19 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ആദിത്ത്.എസ്. | 01.04.18-05.07.18 |
| | ഡോ.ജിനോ ജോസ് | 06.07.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സ്മിത | 01.04.18-31.03.19 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. സീമ ആന്റണി | 01.04.18-31.03.19 |
| വെറ്ററിനറി സർജൻ | ഡോ.ജെ പി | 01.04.18-31.03.19 |
| പ്രധാന അദ്ധ്യാപിക | രമണി.കെ.എ. | 01.04.2018-31.03.2019 |
| വി.ഇ.ഒ. (മാന്ദാമംഗലം സർക്കിൾ) | സിബിതോമസ്.കെ. | 01.04.18-28.08.18 |
| | എമി ആനി ഐസക് | 29.08.18-31.03.19 |
| വി.ഇ.ഒ. (പുത്തൂർ സർക്കിൾ) | ബിന്ദു.കെ. | 01.04.18-16.08.19 |
| | ഷീജ എം.എസ് | 17.08.18-11.01.19 |
| | റഹീന | 12.01.19-31.03.19 |
| വി.ഇ.ഒ. (മരത്താക്കര സർക്കിൾ) | നിജ്ജു ജോസ്.എ. | 01.04.18-28.08.18 |
| | റഹീന | 29.08.18-31.03.19 |
| ഐ.സി.ഡി.എസ്. | സിന്ധു രാജൻ | 01.04.2018- |

| | | |
|---|---|---|
| സൂപ്പർവൈസർ | | 21.10.2018 |
| | ആൻസി ജോസ് | 22.10.2018-31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | അമ്പിളി | 01.04.2018-31.03.2019 |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം – 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഇ – ടെണ്ടർ ഫോം ഫി ജില്ലാ പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടില്ല | 1-12 |
| 13 | ഡീസൽ വാങ്ങിയത് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല , ലോഗ്ബുക്ക് യഥാവിധി പരിപാലിക്കുന്നില്ല | 1-13 |
| 14 | FACTEOS ലൈസൻസ് അപാകതകൾ | 1-14 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. | 1-15 |
| 16 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അപാകത | 1-16 |
| 17 | സാധുക്കളായ വിധവകളുടെ വിവാഹധനസഹായം പദ്ധതി - ഗുണഭോക്തൃപട്ടിക ഭരണസമിതി അംഗീകരിക്കുന്നതിന് മുൻപ് ആനുകൂല്യം വിതരണം ചെയ്തു | 1-17 |
| 18 | വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതി - ജില്ലാപഞ്ചായത്ത് വിഹിതം യഥാസമയം വിനിയോഗിക്കാതെ തിരിച്ചടച്ചു | 1-18 |
| 19 | ജെന്റർ റിസോഴ്സ് സെന്റർ- പരിധിയിൽ കവിഞ്ഞ് തുക വകയിരുത്തി | 1-19 |
| 20 | മരത്താക്കര എസ്.സി ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - നിരീക്ഷണം | 1-20 |
| 21 | ഹരിതകർമ്മസേന വയബിലിറ്റി ഗ്യാപ് ഫണ്ട്- കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും വാങ്ങുന്നതിന് വിനിയോഗിച്ചു | 1-21 |
| 22 | തെരുവുവിളക്ക് പരിപാലനപദ്ധതി - കരാറുകാരന് സർക്കാർ നിർദ്ദേശിച്ച യോഗ്യതയുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 1-22 |
| 23 | കാർഷികസേവന കേന്ദ്രം -ലാപ്പ്ടോപ്പ് വാങ്ങിയതിലെ അപാകതകൾ-24900 രൂപയുടെ ചെലവ് ഓഡിറ്റിൽ | 1-23 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 24 | ഗുണഭോക്തൃ വിഹിതം പിരിച്ചതിലെ അപാകതകൾ | 1-24 |
| 25 | പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങിയത് -മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. | 1-25 |
| 26 | വിവാഹ ധനസഹായം-രേഖകൾ ഹാജരാക്കിയില്ല-300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 27 | ആശ്രയ പദ്ധതി-കുടുംബശ്രീ-മെമ്പർസെക്രട്ടറിക്ക് തുകകൾ കൈമാറിയത് -രേഖകൾ ഹാജരാക്കിയിട്ടില്ല-97500രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 28 | വനിതാ സംരംഭകത്വ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്-രേഖകൾ ഹാജരാക്കിയിട്ടില്ല-1000000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 29 | വല്ലൂര്,പുഴവള്ളം എസ്.റ്റി കോളനികളിലെ സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് ടി.വിയും ഫർണ്ണീച്ചറും വാങ്ങൽ-സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല-44950രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 30 | വയോജനങ്ങൾക്ക കട്ടിൽ വിതരണം-അപാകതകൾ | 1-30 |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതുവായ വിവരങ്ങൾ. | 1-31 |
| | ഭാഗം – 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം – 4 | |
| 32 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിരനിക്ഷേപം | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |
| 44 | ഓഡിറ്റ് ചെയ്ത വാർഷികകണക്കിന്റെ റസീറ്റ് &പെയ്മെന്റ് അക്കൗണ്ട്, ഇൻകം&എക്സ്പെൻഡിച്ചർ പത്രിക, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം | അനുബന്ധം –2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 ലെ തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16-2-2019 തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 429306003/-രൂപയും, പ്രതീക്ഷിത ചെലവ് 440171500/-രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2019 | 17.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,68,58,917 |
| വരവ് | 15,66,52,128 |
| ആകെ | 17,35,11,045 |
| ചെലവ് | 11,01,79,906 |
| നീക്കിയിരിപ്പ് | 6,33,31,139 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 30528000 | 30528000 | 25641264 | 4886736 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12727000 | 12727000 | 10652012 | 2074988 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 740000 | 740000 | 474116 | 265884 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 16494000 | 16494000 | 12127899 | 4366101 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6249000 | 6249000 | 4312904 | 1936096 |
| സെൻട്രൽ | 0 | 16773693 | 16773693 | 11360305 | 541388 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 322 | 213513989 | 170 | 89798035 | - | 152 | 52.79 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7222 | 593825 | 601047 | 589571 | 11476 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് * | 0 | *27716746 | 27716746 | 27716746 | 0 |

*വാർഷീക കണക്കു പ്രകാരം 28302709രൂപയും രജിസ്റ്റർ പ്രകാരം 28310571 രൂപയുമാണ്.വ്യത്യാസത്തിനു കാരണം വീശദീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 27240 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 9881100 | 744 |
| വിധവാ പെൻഷൻ | 28023300 | 2180 |
| വാർദ്ധക്യകാല പെൻഷൻ | 45178500 | 3271 |
| വികലാംഗപെൻഷൻ | 6811100 | 533 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5039900 | 199 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 540000 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-01-2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 94714/-രൂപ ക്യാഷ്

നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ തൻവർഷം വൗച്ചറുകളും രജിസ്റ്ററുകളും ഏറെക്കുറെ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.ഫ്രണ്ട് ഓഫീസ് സംവിധാനത്തിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന ഫ്രണ്ട് ഓഫീസ് ഡയറി പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികൾ കരാർ കാലയളവിൽ പൂർത്തികരിക്കുന്നില്ല. എ.ഇ.നിർവ്വഹണം നടത്തിയ വരവ് ചെലവുകളുടെ വിവരങ്ങൾ TR.7A മാതൃകയിലുള്ള കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഇടപാടുകൾ സംബന്ധിച്ച കോളങ്ങൾ എഴുതി പൂർത്തികരിക്കുന്നില്ല. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.പ്രോജക്റ്റുകളോടൊപ്പം മോണിട്ടറിംഗ് നടത്തുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപികരണത്തിന് ശേഷം മോണിട്ടറിംഗ് സമിതികളായി മാറി മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സെക്രട്ടറി പൂർണ്ണമായും സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല. ആഭ്യന്തര സംവിധാനം കാര്യക്ഷമമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ ഇടപ്പെടലുകൾ ഉണ്ടാകേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6-12-2019 | 12/2019 | 7.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/02/2015 to13/02/2015 | 2009-10 to2013-14 | 02/07/2015 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 3561025 | 2640888 | 207191 | 796993 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3561025 | 2882369 | 160867 | *543679 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( /105X100)=<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5123468 | 3981298 | 126335 | 1138348 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5123468 | 3520980 | 19089 | *1662169 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( /105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1650929 | 727025 | 982892 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1464611 | 784982 | 870149 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(......+....... =......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........../105X100)=......., |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 2094806 | 475776 | 1704640 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2479355 | 434582 | 1661827 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(.........+..........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | **<br>(............/105X100)=........, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 182332 | 86959 | | 133684 | 36747 | | 11058 | | 41017 | 51937 | |
| | നോൺ-റെസിഡൻഷ്യൽ | 257226 | 106425 | | 199415 | 23882 | | 6417 | | 57141 | 85887 | |
| | ആകെ | | | 632942 | | | 393728 | | | 235982 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 319997 | | | 384567 | | | | 80127 | 239870 | | |
| | | 205411+114586 =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 1574 | 128803 |
| | | | |

| | | | |
|---|---|---|---|
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 0 | 209684 |
| | | | |

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 384567 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 393728 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 80127 രൂപയാണ്. (പട്ടിക 2.3 കാണുക )

2.7 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 4864824രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 231658 (--------/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 239870രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (190120) |
| 280100104-Prior period income-Property tax on non residential buildings | 382944 |
| 280100102-Prior period income profession tax | (64740) |
| 280200201-Prior period income-Licence fees | (3600) |
| 280600499-Prior period-Expences-revision and refund | 192 |

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5.വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 46472222 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 54199767 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

# 1-12 ഇ – ടെണ്ടർ ഫോം ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല

2018 -19 വർഷത്തിൽ ഇ – ടെണ്ടർ ഫി ഇനത്തിൽ 8 പ്രോജക്ടുകളുടെ ടെണ്ടർ ഫോം ഫി തുകയായ 14000/ - രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന് അവകാശപ്പെട്ട മേൽ തുക ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും തിരികെ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ഡീസൽ വാങ്ങിയത് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല , ലോഗ്ബുക്ക് യഥാവിധി പരിപാലിക്കുന്നില്ല.

Vr.No.21801040.dtd.2712.18. 12006/-

മേൽ വൗച്ചർ പ്രകാരം പുത്തൂർ ഫ്യൂവൽസ് എന്ന സ്ഥാപനത്തിൽ നിന്നും 9/18 മാസത്തിലെ വിവിധ തിയതികളിൽ ഡീസൽ വാങ്ങിയതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇന്ധനം നിറച്ച വിവരം ലോഗ്ബുക്കിൽ 9/18 മാസത്തിൽ എവിടേയും രേഖപ്പെടുത്തിയിട്ടില്ല.ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിന്റെ നമ്പർ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. തൻവർഷം വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വാഹന ഉപയോഗവും ഇന്ധന ഉപഭോഗം സംബന്ധിച്ച് ജി.ഒ.(എം.എസ്.)തസ്വഭവ.തിയതി.30.6.2017 പ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതാണ്. ഓഡിറ്റ എൻക്വയറി 16 dtd.15.1.2020 പ്രകാരം ഇന്ധനം നിറച്ചത് ലോഗ്ബുക്കിൽ രേഖപ്പെടുത്താതിന്റെ കാരണം ആരരാഞ്ഞെങ്കിലും ആയതിന് മറുപടി ലഭ്യമാക്കില്ല.തൃപ്തികരമായ മറുപടി ലഭിക്കുന്നതുവരെ ചെലവ് തുക 12006/ -രൂപ തടസ്സപ്പെടുത്തുന്നു.

# 1-14 FACTEOS ലൈസൻസ് -അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232,233 എന്നീ വകുപ്പുകൾ ഭേദഗതി വരുത്തുകയും അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും എന്നത് വ്യവസായങ്ങളും വ്യപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും എന്ന്മാറ്റുകയും ചെയ്തിട്ടുണ്ട്.20.10.2017 മുതൽ നിയമ ഭേദഗതികൾക്ക് പ്രാബല്യമുണ്ട്.ഇതിനെ തുടർന്ന് 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് 1996ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നും മാറ്റം വരുത്തിയിട്ടുണ്ട്(എസ്ആർ ഒ നം76/96,സ.ഉ(പി)നം.80/2017തസ്വഭവ തി.31-10.2017).31.10.2017 മുതൽ ഭേദഗതി ചട്ടങ്ങൾക്ക് പ്രാബല്യമുണ്ട്.ഇതു പ്രകാരം ഫീസ് ഘടന നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ലും ഭേദഗതി വരുത്തിയിട്ടുണ്ട്.ഇതു പ്രകാരം ഉത്പാദന,സേവന മേഖലകളിലുള്ള വ്യാപാര സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ തട്ടുകളായി തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

2018-19 സാമ്പത്തിക വർഷം ഡി ആന്റ് ഒ ലൈസൻസ് പ്രഫോർമയിലാണ് അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതും ലൈസൻസ് നൽകിയിട്ടുള്ളതും.ഫീസ് ഈടാക്കിയിരിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(എൻക്വയറി നം.15,14.01.2020) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

1)സാമ്പത്തിക വർഷത്തെ ലൈസൻസ് അപേക്ഷകൾ,രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

a)ചട്ടം 18,22 എന്നിവ പ്രകാരം താമസിച്ച നൽകുന്ന അപേക്ഷകളിൽ നിന്നും 25% അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല.

ഉദാ:

| സ്ഥാപനം | വാർഡ്/ കെട്ടിട നം | അപേക്ഷ നൽകിയ തിയതി | ഉടമയുടെ പേര് |
|---|---|---|---|
| റീജന്റ് പോളിമേഴ്സ് | 19/257 | 31.03.2018 | പി.ടി മാർട്ടിൻ |
| | | | |

| | | | |
|---|---|---|---|
| മാർക്ക് അസ്സോസിയേറ്റ്സ് | 2/214 | 5.05.2018 | രെഞ്ചികുമാർ |
| അന്നൂര പ്ളാസ്റ്റിക്സ് | 21/647 | 30.04.2018 | ജെയിൻ ജോർജ്ജ് |

b)ലൈസൻസ് അപേക്ഷകളിൽ പൂർണ്ണമായും രേഖപ്പെടുത്തലുകളില്ല.പല അപേക്ഷകളിലും തിയതി ചേർത്തിട്ടില്ല.
ഉദാ:

| സ്ഥാപനം | വാർഡ്/ കെട്ടിട നം | ഉടമ |
|---|---|---|
| ശാസ്ത പെട്രോൾ പമ്പ് | 14/205A | ശ്യാമള കാട്ടുങ്ങൽ |
| ഡയമണ്ട് ഫോർട്ട് കാറ്ററിങ്ങ് സർവ്വീസ് | 22/563 | ഷാജി ജോസ് ടി. |
| എവി തോമസ്&Co.Ltd | 18/552B | കെ പ്രസാദ് |

c)വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുന്നതിനു പകരം ട്രേഡേഴ്സ് ലിസ്റ്റിൽ ലൈസൻസ് വിവരങ്ങളും തൊഴിൽക്കരം അടവാക്കിയ വിവരങ്ങളും ഒറ്റ രജിസ്റ്ററിൽ ചേർത്ത് തയ്യാറാക്കിയിരിക്കുന്നു.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു(എൻക്വയറി നം.15,14.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.
2) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വെട്ടുകാട്,കുരിശുംമൂല എന്നിവിടങ്ങളിലെ ഷോപ്പിങ്ങ് കോംപ്ളക്സുകളിൽ 23 മുറികളാണ് ഉള്ളത്.ഇതിൽ വെട്ടുകാട് ഷോപ്പിങ്ങ്കോംപ്ളക്സിലെ 3 മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളൊഴികെ മറ്റ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയിട്ടുണ്ട്.തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പതുക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാമ്പത്തിക വർഷം ഡി ആന്റ്ഒ ലൈസൻസ് എടുത്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ലൈസൻസി | വാർഡ്/ കെട്ടിട നം |
|---|---|---|---|
| 1 | ജീവൻ സ്പെഷ്യാലിറ്റി ലബോറട്ടറി | ഫിലോമിന ബേബി | 4/450 |
| 2 | വന്ദന ഹൈടെക്ക് ലാബ്& ഇസിജി | എം.രഘുനാഥ് | 2/80 |
| 3 | മണ്ടുംപാൽ ഹൈടെക്ക് ഡെന്റൽ ക്ളിനിക്ക് | ഡോ.ഡാർവിൻ സാമുവൽ | 21/486 A,B,C |
| 4 | ജെപി ക്ളിനിക്ക് &ലാബ് | ഡോ.ജേക്കബ് പോൾ | 16/665 |
| 5 | ആരോഗ്യ ഹൈടെക്ക് ലാബ് | ലിജി ജോയ് | 21/286F |
| 6 | നിയോ ഹൈടെക്ക് ലാബ് | ജോഷി വി ജെ | 2/837 |

രജിസ്ട്രേഷൻ നൽകിയതിന്റെ രേഖകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(എൻക്വയറി നം.17,15.01.2020)നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.രജിസ്ട്രേഷൻ കൂടാതെ സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നില്ലായെന്ന്ഉറപ്പ് വരുത്തേണ്ടതാണ്.

# 1-16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നമ്പർ : S0180/19

അടങ്കൽ : 15,00,000/-

ചിലവ് :14,99,910/-

വൗച്ചർ നമ്പർ : 218401439/23.03.19, തുക – 2,50,000/- (തനത് ഫണ്ട്)

മേൽവിശദാംശങ്ങളിൽ സൂചിപ്പിച്ച വൗച്ചർ നമ്പർ പ്രകാരമുള്ള തുകയുടെ സാംഖ്യ ബിൽ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി കണക്കാക്കിയ തുകയും യഥാർത്ഥത്തിൽ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയ തുകയും തമ്മിൽ അന്തരം കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | സാംഖ്യ ബിൽ പ്രകാരമുള്ള തുക | ബാങ്ക് ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|---|
| 1 | കൃഷ്ണ കെ.ബി | 2800 | 11400 |
| 2 | ആനന്ദ് രാജ് കെ.ജെ | 2200 | 2880 |
| 3 | ജോസഫ് സെബാസ്റ്റ്യൻ | 2800 | 1980 |
| 4 | പ്രണവ് കെ.പി | 2800 | 1200 |
| 5 | ബിൻസി മാത്യു | 2800 | 1380 |

ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള തുക കണക്കാക്കി സാംഖ്യയിൽ ബില്ല് തയ്യാറാക്കിയതിന് ശേഷം കൈമാറുന്ന തുകകളിൽ വ്യത്യാസം വരുത്തുന്നത് ശരിയായ നടപടിയല്ല. ആകെ ബിൽ തുകയിൽ വ്യത്യാസം വന്നിട്ടില്ലെങ്കിലും വരും വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ ഈ നടപടി ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-17 സാധുക്കളായ വിധവകളുടെ വിവാഹധനസഹായം പദ്ധതി - ഗുണഭോക്തൃപട്ടിക ഭരണസമിതി അംഗീകരിക്കുന്നതിന് മുൻപ് ആനുകൂല്യം വിതരണം ചെയ്തു

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നമ്പർ : S0305/19

അടങ്കൽ : 12,00,000/-

ചിലവ് : 3,00,000/-

ട്രഷറി ബിൽ നമ്പർ : 10/18-19 dt.12.10.18

മേൽപദ്ധതിയുടെ 20 ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണസമിതി 17.01.2019ലെ 1(12) നമ്പർ തീരുമാനപ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത് (ഗ്രാമസഭാ അംഗീകാരത്തിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല). എന്നാൽ ഭരണസമിതി അംഗീകാരം ലഭിക്കുന്നതിനും മുൻപ് തന്നെ ബില്ല്ല് മാറി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം ഭരണസമിതി അംഗീകാരം ലഭ്യമാകുന്നതിന് മുൻപ് തന്നെ വ്യക്തികൾക്ക് നൽകിയ നടപടി നിയമാനുസൃതമല്ല. ഇത്തരം നടപടികൾ പദ്ധതി നിർവ്വഹണത്തിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേക പരിഗണനയോടെ ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതി - ജില്ലാപഞ്ചായത്ത് വിഹിതം യഥാസമയം വിനിയോഗിക്കാതെ തിരിച്ചടച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നമ്പർ : S0381/19

അടങ്കൽ : 2,21,001/-

ചിലവ് : 2,11,410/-

വൗച്ചർ നമ്പർ : 21801427/18-19 dt.21.03.19

323 ഗുണഭോക്താക്കൾക്ക് ഫോറസ്റ്റ് ഇന്റസ്ട്രീസ്, ട്രാവൻകോറിൽ നിന്നും കട്ടിൽ വാങ്ങിനൽകുന്നതിന് 17-18 വർഷം വിഭാവനം ചെയ്ത മേൽപദ്ധതി 1099000/- രൂപ വികസനഫണ്ടും 4,00,000/- രൂപ ജില്ലാ പഞ്ചയാത്ത് വിഹിതവും വകയിരുത്തി ആരംഭിക്കുകയും ആ വർഷം വികസനഫണ്ട് പൂർണ്ണമായും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് 94640/- രൂപയും അടക്കം ആകെ 1193640/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ആ വർഷം ആകെ 185 കട്ടിലുകൾ മാത്രമാണ് ലഭിച്ചത്. ബാക്കിയുള്ള138 കട്ടിലുകൾ 2018-19 വർഷമാണ് ലഭ്യമായത് ( ഇൻവോയ്സ് നമ്പർ 99/2018-19 dt. 12.06.18(115 എണ്ണം), ഇൻവോയ്സ് നമ്പർ 377/2018-19 dt. 05.01.2019 (25 എണ്ണം (രണ്ടു കട്ടിലുകൾ മറ്റൊരു പദ്ധതിക്ക്)).
പദ്ധതി പൂർത്തീകരിച്ചിരുന്നില്ലെങ്കിലും ജില്ലാപഞ്ചായത്ത് വിഹിതത്തിൽ ബാക്കിയുണ്ടായിരുന്ന തുക 305360/- രൂപ 28/03/18 ലെ 21701175 നമ്പർ വൗച്ചർ പ്രകാരം ജില്ലാപഞ്ചായത്തിലേക്ക് തന്നെ തിരിച്ചടച്ചുമൂലം, 2018-19 വർഷം ഈ പദ്ധതി തനത് ഫണ്ട് വകയിരുത്തി പൂർത്തിയാക്കേണ്ടിവന്നു. പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടച്ചത് എന്തിനെന്ന് വ്യക്തമല്ല. ഇതുമൂലം തനതുഫണ്ടിൽ നിന്നും തൻവർഷം 211410/- രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ യഥാസമയം വിനിയോഗിച്ച് തനതുഫണ്ടിൽ നിന്നുള്ള ഇത്തരം ചെലവുകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 ജെന്ററർ റിസോഴ്സ് സെന്റർ- പരിധിയിൽ കവിഞ്ഞ് തുക വകയിരുത്തി

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നമ്പർ : S0187/19

അടങ്കൽ : 3,00,000/- (വികസനഫണ്ട് ജനറൽ)

ചിലവ് : 1,08,920/-/-

ട്രഷറി ബിൽ : 23/18-19 dt. 18.03.19 ( 86730/-),

24/18-19 dt. 25.03.19 (22190/-)

സ.ഉ.(കൈ) നം. 22/2018/തസ്വഭവ തി. 14.02.18 (സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ) ഖ. 7.4.1.5 പ്രകാരം ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ടുകളാണ്

തയ്യാറാക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ ജെന്റർ റിസോഴ്സ് പ്രൊജക്ടിൽ 3,00,000/- രൂപ വകയിരുത്തിക്കാണുന്നു. തൻവർഷം പദ്ധതിക്കായി ചെലവഴിച്ച തുക പരിധിക്കകത്തുതന്നെയാണെങ്കിലും സ്പിൽ ഓവർ പദ്ധതിയായി തുടരുന്നുണ്ടെങ്കിൽ ചെലവ് 2,00,000/- രൂപയിൽ ഒതുക്കി നിർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-20 മരത്താക്കര എസ്.സി ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - നിരീക്ഷണം

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ, ഹോമിയോ

പദ്ധതി നമ്പർ :S0041/19

അടങ്കൽ : 1,50,000/- (എസ്.സി.പി)

ചിലവ് :1,50,000/-

ട്രഷറി ബിൽ നമ്പർ, തിയ്യതി :1/18-19 dt. 25.09.18

മേൽസൂചിപ്പിച്ച വിശദാംശങ്ങൾ പ്രകാരം മരത്താക്കര ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങി നൽകിയിട്ടുണ്ട്.

രേഖകൾ പ്രകാരം പ്രസ്തുത ഡിസ്പെൻസറി ഹോമിയോപ്പതി വകുപ്പിന്റേയും പട്ടികജാതി വകുപ്പിന്റേയും സംയുക്തസംരംഭമാണ്. ഈ സ്ഥാപനം ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുള്ളതായി കാണുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) പുറപ്പെടുവിച്ച മാർഗ്ഗരേഖ (07.11.13 ലെ എ1/ 2168 /2012/ ഡിഎംറ്റി) പ്രകാരം ഹെൽത്ത് സെന്ററുകളുടെ കെട്ടിട വാടക, മരുന്ന് എന്നിവക്ക് ആവശ്യമായ ചെലവുകൾ പട്ടികജാതി വികസന വകുപ്പ്, ഹോമിയോപ്പതി വകുപ്പ് മുഖാന്തിരമാണ് നൽകുന്നത്. എന്നാൽ, മേൽപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് എസ്.സി.പി ഫണ്ടുപയോഗിച്ച് മരുന്ന് വാങ്ങി നൽകിയിട്ടുണ്ട്. ഇതിന് പ്രത്യേക സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ഡിസ്പെൻസറിയിലേക്ക് ചികിത്സ തേടിയെത്തുന്ന രോഗികൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവർ മാത്രമല്ല. ഗുണഭോക്താക്കളിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിലുള്ളവരാണെന്ന് ഉറപ്പുവരുത്താൻ സാധിക്കാത്ത പദ്ധതികളിൽ പൂർണ്ണമായും എസ്.സി.പി വിഹിതം വകയിരുത്തുന്നത് അഭിലഷണീയമായ പ്രവണതയല്ല. ആയതിനാൽ, ഈ പദ്ധതി ആവശ്യമായ സർക്കാർ അനുമതിയോടെ മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 ഹരിതകർമ്മസേന വയബിലിറ്റി ഗ്യാപ് ഫണ്ട്- കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും വാങ്ങുന്നതിന് വിനിയോഗിച്ചു

പദ്ധതി അടങ്കൽ : 3,00,000/-
ഫണ്ട് : വികസനഫണ്ട് പൊതുവിഭാഗം
ചെലവ് : 68,985/-
ട്രഷറി ബിൽ : 52/18-19 തി. 27.03.19

19.05.2018 ലെ സ.ഉ (സാധാ) നം. 1391/2018/തസ്വഭവ പ്രകാരം ഹരിതകർമ്മസേനയുടെ പ്രാഥമികചെലവുകൾ വഹിക്കുന്നതിനായി ആറ് മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. ഹരിതകർമ്മസേന പ്രവർത്തിപ്പിക്കാൻ കഴിയുംവിധം യൂസർഫീ ലഭിക്കുന്നതിനുണ്ടാകാവുന്ന കാലതാമസം മറികടക്കുന്നതിനാണ് ഇത്തരത്തിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഈ പദ്ധതിയിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇതിന്റെ ആവശ്യകത പദ്ധതി ഫയലിൽ നിന്നും വ്യക്തമല്ല. കെൽട്രോണിന് പ്രഫോമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 68,985/- രൂപ നൽകിയെങ്കിലും ഉപകരണങ്ങൾ ഇതുവരെയും ലഭ്യമായിട്ടില്ല. ആയതിനാൽ, 68,985/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 തെരുവുവിളക്ക് പരിപാലനപദ്ധതി - കരാറുകാരന് സർക്കാർ നിർദ്ദേശിച്ച യോഗ്യതയുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

തെരുവുവിളക്കുകളുടെ പരിപാലനം, തുക നൽകൽ, കോൺട്രാക്ട് ലൈസൻസ് മുതലായവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 07.11.2017ലെ 177/ഡി.എ3/2016 നമ്പർ സർക്കുലർ പ്രകാരം പരിപാലന കോൺട്രാക്ട് എടുക്കുന്നവർക്ക് ബി ക്ലാസ്സ് ലൈസൻസ് വേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് പരിപാലനകരാർ നൽകിയ ബിബിൻ ബേബി എന്ന വ്യക്തിക്ക് സി ക്ലാസ് ലൈസൻസ് മാത്രമേയുള്ളൂ. ആയതിനാൽ, തെരുവുവിളക്ക് പരിപാലനകരാർ യോഗ്യരായ കരാറുകാർക്ക് മാത്രം നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാത്രമല്ല, ഡബിൾ ട്യൂബ്, സിംഗിൾ ട്യൂബ്, സി.എഫ്.എൽ എന്നീ ഇനങ്ങളിൽ എത്ര എണ്ണം വീതം റിപ്പയർ ചെയ്തുവെന്നതിന് കരാറുകാരൻ സമർപ്പിക്കുന്ന കണക്കിനെ സാധൂകരിക്കുന്ന രേഖകളൊന്നും സൂക്ഷിക്കുന്നില്ല. വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഈ അപാകത പരിഹരിച്ച് പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

## 1-23 കാർഷികസേവന കേന്ദ്രം -ലാപ്പ്ടോപ്പ് വാങ്ങിയതിലെ അപാകതകൾ-24900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ-SO15/19

ട്രഷറി ബിൽ നമ്പർ39/28.3.19

തുക-24900രൂപ

നിർവഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

പഞ്ചായത്തിലെ കരിശ്ശുമൂല ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പിലേക്ക് Rodittee ,Thrissur എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ TCR 18CO2390/22.3.19 ലാപ്പ്ടോപ്പ് വാങ്ങിയിട്ടുണ്ട്.സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക -14പ്രകാരം 20000 മോ അതിൽ കൂടിയതോ ആയ പർച്ചേസുകൾക്ക് ടെണ്ടർ ക്ഷണിക്കണം . എന്നാൽ ലാപ്പ്ടോപ്പ് വാങ്ങിയതിന് ടെണ്ടർ ക്ഷണിച്ചതായി കാണുന്നില്ല .ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/14.1.19 കൃഷി ഓഫീസർ മറുപടി നൽകിയിരിക്കുന്നത് പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരമാണ് ലാപ്പ്ടോപ്പ് വാങ്ങിയിരിക്കുന്നതെന്നാണ്. എല്ലാ വാങ്ങലുകൾക്കും സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾപാലിക്കേണ്ടതാണ്.

കൂടാതെ ലാപ്പ്ടോപ്പ് വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ആയതിനാൽ 24900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ഗുണഭോക്തൃ വിഹിതം പിരിച്ചതിലെ അപാകതകൾ

കൃഷി ഓഫീസർ നടപ്പാക്കിയ തെങ്ങിൻതൈ വിതരണം(SO 26/19) എന്ന പ്രോജക്ട് പ്രകാരം 58900രൂപചെലവ് വന്നതിൽ 44175 രൂപ വികസനഫണ്ടും 14725 രൂപ ഗുണഭോക്തൃ വീഹിതവുമാണ്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 20(2) എ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുക്കുന്ന രസീത് നൽകേണ്ടതും ഈ തുക ചട്ടം 16(2) പ്രകാരം അടുത്ത ദിവസം പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.പഞ്ചായത്തിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് കൃഷി ഓഫീസർക്ക് TR-5 രസീത് ബുക്ക് അനുവദിച്ചതായി രസീത് ബുക്ക്ിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൃഷി ഓഫീസർ മറുപടി നൽകിയിരിക്കുന്നത് ഗുണഭോക്തൃ വിഹിതം ഡിപ്പാർട്ട്മെന്റ് രസീത് പ്രകാരം തുക പിരിച്ച് വി.എഫ്.സി.കെയിൽ ഡി.ഡിയായി ആയി തുക അടവാക്കി തെങ്ങിൻ തൈ വാങ്ങി വിതരണം ചെയ്തിരിക്കുകയാണ് എന്നാണ്.ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് രസീത്

മുഖേന പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തതും സഞ്ചിതനിധിയിൽ അടവാക്കേണ്ടാത്ത തുക TR5 മുഖേന പിരിച്ചതും മേൽ ചട്ടങ്ങൾക്ക് വിരുദ്ധമാണ്.ഓഡിറ്റ് എൻക്വയറി 8/14.1.19 ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-25 പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങിയത് -മാർഗ്ഗരോഖ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ നടപ്പിലാക്കിയ വിവിധ പ്രാജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട്<br>പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ തുക | വാങ്ങിയ സ്ഥാപനം |
|---|---|---|---|
| 1 | ട്രൈബൽ കോളനികളിൽ മരുന്ന വാങ്ങൽ<br>S013/19 | 33/8.3.19<br>46700 | ജൻ ഔഷധി |
| 2 | പി.എച്ച്.സിയിൽ നിന്നും മരുന്ന വാങ്ങൽ | 26/4.2.19-187900<br>16/16.11.18-112008 | ജൻ ഔഷധി |
| 3 | പെയിൻ ആന്റ് പാലിയേറ്റീവ് | 12/25.10.18-51327 | നീതി സ്റ്റോർ |
| 4 | പെയിൻ ആന്റ് പാലിയേറ്റീവ് | 39/26.3.19<br>41773 | കാരുണ്യ കമ്മ്യൂണിററി ഫാർമസി |
| 5 | പെയിൻ ആന്റ് പാലിയേറ്റീവ് | 101378-ജില്ലാപഞ്ചായത്ത് വിഹിതം | ജൻ ഔഷധി |
| 6 | പെയിൻ ആന്റ് പാലിയേറ്റീവ് | -30000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി |
| 7 | പെയിൻ ആന്റ് പാലിയേറ്റീവ് | 170000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജൻ ഔഷധി |

സ.ഉ (കൈ ) നമ്പർ 22/18തസ്വഭവ തീയതി 14.2.18

ഖണ്ഡിക 7.5.4 പ്രകാരം മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ടു മാസം കഴിഞ്ഞിട്ടും ലഭ്യമാകാതിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ്കമ്മറ്റിയുടെ ശുപാർശ പ്രകാരംതദ്ദേശഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി /ജൻഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്ന് അടിയന്തിര സാഹചര്യം മറി കടക്കുന്നതിന് മാത്രം മരുന്നു വാങ്ങാവുന്നതാണ്.കെ.എം.സി.എല്ലിന് ഇൻഡന്റ് നൽകിയതിന്റെ രേഖകൾ , എച്ച്.എം.സിയുടെ ശുപാർശ സംബന്ധിച്ച രേഖകൾ,കാരുണ്യ/നീതി /ജൻഔഷധി എന്നിവയിൽ നിന്നും മരുന്നു വാങ്ങുന്നതിന്റെ അടിയന്തിര സാഹചര്യം വ്യക്തമാക്കുന്നതു സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-26 വിവാഹ ധനസഹായം-രേഖകൾ ഹാജരാക്കിയില്ല-300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

എസ്.സി.പെൺകുട്ടികൾക്ക് വിവാഹധനസഹായം എന്ന പ്രൊജക്റ്റ് പ്രകാരം ധനസഹായം കൈപ്പറ്റിയ 4 ഗുണഭോക്താക്കൾ അപേക്ഷയോടോപ്പം ഹാജരാക്കേണ്ട രേഖകൾ ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ-45/19

ട്രഷറി ബിൽനമ്പർ-3/17.7.18-450000

4/19.11.18-300000

6/31.10.18-225000

12/31.1.19-450000

13/31.3.19-75000

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | ഹാജരാക്കാത്ത രേഖ |
|---|---|---|---|
| 1 | ശിവരാമൻ.കെ.എ<br>കൊളപ്പാടൻ<br>പൊന്നൂക്കര | 75000 | വിവാഹസർട്ടിഫിക്കറ്റ് |
| 2 | സീതാ കുട്ടൻ<br>കളത്തിങ്കൽ<br>മരത്താക്കര | 75000 | വിവാഹസർട്ടിഫിക്കറ്റ്,പട്ടികജാതി വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| 3 | വിജയൻ<br>പറമ്പിടത്തിൽ<br>മാന്ദാമംഗലം | 75000 | വിവാഹസർട്ടിഫിക്കറ്റ്,പട്ടികജാതി വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| 4 | മോഹനൻ<br>ചീരപ്പുള്ളി ഹൗസ്<br>ചോച്ചേരിക്കുന്ന്. | 75000 | പട്ടികജാതി വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |

രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 300000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 1-27 ആശ്രയ പദ്ധതി-കുടുംബശ്രീ-മെമ്പർസെക്രട്ടറിക്ക് തുക കൈമാറിയത് -രേഖകൾ ഹാജരാക്കിയിട്ടില്ല-97500രൂപ തടസ്സപ്പെടുത്തുന്നു.

എ)ആശ്രയ പദ്ധതിയിൽ പ്പെട്ടവർക്ക് ഭവനപുനരുദ്ധാരണം

പ്രോജക്റ്റ് നമ്പർ-326/19

ട്രഷറി ബിൽനമ്പർ-22/31.3.19-37500

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ആശ്രയ ഭവനപുനരുദ്ധാരണപ്രോജക്റ്റിലെ താഴെപ്പറയുന്ന 3 ഗുണഭോക്താക്കൾക്ക് അവസാനഗഡു നൽകുന്നതിനായി CDS കുടുംബശ്രീക്ക് നല്കുന്നതിനാണ് മേൽതുക ചെലവഴിച്ചിരിക്കുന്നത്.

1.കാളിക്കുട്ടി ,കുറവീട്ടിൽ

2.ചന്ദ്രിക ,മുള്ളംകുഴി

3.ഏല്യ, മാളോക്കാരൻ

ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുന്നതു വരെ 37500രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ബി)ആശ്രയ പദ്ധതി -ഭവനനിർമ്മാണധനസഹായം-കുടുംബശ്രീ സി.ഡി.എസ്സിന് തുക കൈമാറൽ

പ്രോജക്റ്റ് നമ്പർ-329/19

ട്രഷറി ബിൽനമ്പർ-4/11.10.18-60000

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ആശ്രയ ഗുണ ഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ടി കുടുംബശ്രീ സി.ഡി.എസ്സിന് തുക കൈമാറിയിരിക്കുന്നു.ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുന്നതു വരെ 60000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 1-28 വനിതാ സംരംഭകത്വ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്-രേഖകൾ ഹാജരാക്കിയിട്ടില്ല-1000000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എ)പ്രോജക്റ്റ് നമ്പർ-177/19

ട്രഷറി ബിൽനമ്പർ-14/28.2.19-500000

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പുത്തൂർ കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രൂപ്പുകളായ ജയ് കിസാൻ, ജയലക്ഷ്മി, നിത്യ, പുതുമ, നന്മ എന്നിവയ്ക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് തുക കുടുംബശ്രീ സി.ഡി.എസ്സിന് തുക കൈമാറിയിരിക്കുന്നു

ബി)പ്രോജക്റ്റ് നമ്പർ-SO332/19

ട്രഷറി ബിൽനമ്പർ-8/28.11.18-500000

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പുത്തൂർ കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് കുടുംബശ്രീ സി.ഡി.എസ്സിന് തുക കൈമാറിയിരിക്കുന്നു.(ഗ്രൂപ്പുകൾ ഏതൊക്കെയെന്നുള്ള വിവരം ഫയലിൽ നിന്നും ലഭ്യമല്ല).ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, ഗ്രൂപ്പുകൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.കൂടാതെ സ.ഉ (കൈ ) നമ്പർ 22/18തസ്വഭവ .തീയതി 14.2.18 ഖണ്ഡിക 6.4 പ്രകാരം ഗ്രൂപ്പുകൾ റിവോൾവിംഗ് ഫണ്ട് കൈപ്പറ്റി മൂന്നുമാസം കഴിഞ്ഞ് തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 21/17.1.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 1000000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-29 വല്ലൂര്,പുഴവള്ളം എസ്.റ്റി കോളനികളിലെ സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് ടി.വിയും ഫർണ്ണിച്ചറും വാങ്ങൽ-സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല-44950രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ-328/19

ട്രഷറി ബിൽനമ്പർ-1/30.5.18-17950

18/31.3.19-27000

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

എ)1/30.5.18-17950

ദാസ് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും ബിൽനമ്പർ ലഭ്യമല്ല തീയതി.31.3.18 പ്രകാരം സ്റ്റീൽ കപ്ബോർഡ് 2 എണ്ണം 8975 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റീൽ കപ്ബോർഡുകൾ സ്റ്റോക്കിലെടുത്ത് സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ബി)18/31.3.19-27000

ഇംപാക്റ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ബിൽനമ്പർ 065/21.3.19 പ്രകാരം Chair nilkamal armed 60 എണ്ണം 381.25 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ടെണ്ടർ രേഖകൾ ഹാജരാക്കിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥൻ കസേരകൾ സ്റ്റോക്കിലെടുത്ത് സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല .സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ 44950രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-30 വയോജനങ്ങൾക്ക് കട്ടിൽ വിതരണം -അപാകതകൾ

എ)പ്രോജക്ട് നമ്പർ-S0331/19

ട്രഷറി ബിൽനമ്പർ-9/28.11.18-78300

16/12.2.19-3700

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും 18 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്
അപാകതകൾ താഴെ ചേർക്കുന്നു.
1)ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല.
2)സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ബി)പ്രോജക്ട് നമ്പർ-47/19

ട്രഷറി ബിൽനമ്പർ-23/31.3.19-598560

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും ഇൻവോയ്സ് നമ്പർ 544/18-19/20.3.19 പ്രകാരം 172 കട്ടിലുകൾ വാങ്ങിയതിനു ചെലവു വന്നിട്ടുണ്ട്.

അപാകതകൾ

1)കട്ടിൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളില്ല

2)കട്ടിൽ വിതരണം സംബന്ധിച്ച് മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-31 പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം

2018 -19 വർഷത്തിൽ അംഗീകാരം ലഭിച്ച ആകെ പ്രോജക്ടുകളുടെ എണ്ണം - 120ആണ്.ഇവയിൽ 2018 -19 വർഷത്തിൽ നടപ്പിലാക്കിയത് 40 എണ്ണം മാത്രമാണ്.2017 -18 വർഷത്തെ 63 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ മൊത്തം 103 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്.2018-19 വർഷത്തെ 80 പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളായി 2019 -20 വർഷത്തേയ്ക്ക് മാറ്റിയിട്ടുണ്ട്. 2018 -18 വർഷത്തെ ആകെ അടങ്കൽ തുക 52112540/ - രൂപയും ആകെ ചെലവ് 11065891/ - രൂപയുമാണ്. 2018 – 19 വർഷത്തെ പ്രവൃത്തികളിൽ ഭൂരിഭാഗം പ്രവൃത്തികളും റോഡ് വർക്കുകളാണ്. 14 ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് കോൺ ക്രീറ്റ് റോഡുകൾ, കട്ടവിരിക്കൽ എന്നീ പ്രവൃത്തികൾ ധാരാളമായി

ചെയ്തിട്ടുണ്ട്. ഭൂരിഭാഗം പ്രവൃത്തികളും കരാർ കാലയളവിൽ കരാറുകാർ പൂർത്തികരിക്കുന്നില്ല. കരാർ കാലയളവിൽ പൂർത്തികരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കി കാണുന്നില്ല. കാഷ്ബുക്ക്,എഗ്രിമെന്റ് രജിസ്റ്റർ,ടെണ്ടർ കളക്ഷൻ രജിസ്റ്റർ എന്നിവ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.വർക്ക് ബിൽ രജിസ്റ്റർ,പ്രോജക്ട് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.എഗ്രിമെന്റ് രജിസ്റ്റർ, കാഷ്ബുക്ക് എന്നിവയിൽ കോളങ്ങൾ മുഴുവനായി എഴുതി പൂർത്തികരിക്കുന്നില്ല.എട്ടാംകല്ല് കരിമ്പിൻചിറ റോഡ് (So273/19) എന്ന പ്രവൃത്തിയിൽ ഫൈനൽ ബില്ലിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല.മേൽ പ്രോജക്ടിൽ ടെണ്ടർ ഫോമിൽ ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. ചില പ്രോജക്ട് ഫയലുകളോടൊപ്പം പൂർത്തീകരണ സാക്ഷ്യപത്രം,മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. വരും വർഷങ്ങളിൽ അപാകതകൾ പരിഹരിച്ചുകൊണ്ട് പ്രവൃത്തികൾ എറ്റെടുക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 16.08.2019 | കെഎസ്എടിഎസ് ആർ(എസ്1)1120/19(62) |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 400000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി. | 400000 | 0 |
| | | 200000 | SNP | 100702 | 99298 |
| | | 150000 | ഭിന്നശേഷിക്കാർക്ക്ഉപകരണം | 10000 | 140000 |
| | | 100000 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 100000 | 0 |
| | | 250000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 250000 | പെയിൻ ആന്റ് പാലിയേറ്റീവ് | 250000 | 0 |
| | | 1000000 | ക്രിമറ്റോറിയം നിർമ്മാണം | 0 | 1000000 |
| | | 1924895 | ലൈഫ് ഭവനനിർമ്മാണത്തിനുള്ള ധനസഹായം | 1924895 | 0 |
| | | 1000000 | പുത്തൻകാട് താഴ്വാരം റോഡ് | 0 | 1000000 |
| | | 350000 | അംഗപരിമിതർക്ക് മുച്ചക്ര വാഹനം | 0 | 350000 |
| | | 210600 | മണലിപ്പുഴ വാട്ടർ ഷെഡ് | 0 | 210600 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പെയിൻ ആന്റ് പാലിയേറ്റീവ് | 200000 | 0 |
| | | 300000 | അംഗപരിമിതർക്ക് മുച്ചക്ര വാഹനം | 0 | 300000 |
| | | 425000 | ക്ഷീരകർഷകർക്ക് പാൽ | 425000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| | | 1000000 | അംഗൻവാടി നിർമ്മാണം | 727885 | 272115 |
| | | 250000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 1000000 | കളിസ്ഥലം നിർമ്മാണം | 0 | 1000000 |
| | | 2000000 | ക്രിമറ്റോറിയം നിർമ്മാണം | 0 | 2000000 |
| | | 2099676 | ലൈഫ് ഭവനപദ്ധതി ധനസഹായം(173) | 1620000 | 479676 |
| | | 1418000 | ലൈഫ് ഭവനനിർമ്മാണത്തിനുള്ള ധനസഹായം(172) | 1374676 | 43324 |

.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നം. / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | റോഡുകളിൽ ഗതാഗതം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (35/19) | 2911657 | 300000 | 0 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 300000 |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ (350/19) | 2093676 | 700000 | 0 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 700000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മരുതുകുഴി കുടിവെള്ള പദ്ധതി ബോർവെൽ, പമ്പ്,മോട്ടോർ ഷെഡ്,വാട്ടർ ടാങ്ക്(359/19) | 291641 | 400000 | 0 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 400000 |
| | ചോച്ചേരികുന്ന് കുടിവെള്ള പദ്ധതി(360/19) | 2093690 | 800000 | 0 | വിനിയോഗ സാക്ഷ്യപത്രം | 800000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഹാജരാക്കിയിട്ടില്ല | |
| | വാർഡ് 11- ഓയിൽ കമ്പനി ബോർവെൽ (361/19) | 291652 | 58621 | 0 | വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയിട്ടില്ല | 58621 |
| നിർമ്മിതി കേന്ദ്ര | 11ാം വാർഡ് 105ാം നമ്പർ അംഗനവാടി | 21801098<br>2093672 | 204000<br>73029 | 0<br>0 | വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയിട്ടില്ല | 204000<br>73029 |
| ഐആർ ടിസി | പൊതു സ്ഥാപനങ്ങളിലും മാർക്കറ്റുകളിലും എയ്റോബിക് ബിന്നുകൾ സ്ഥാപിക്കൽ (മരത്താക്കര, വെട്ടുകാട് പ്രദേശങ്ങളിൽ) 323/19 | 21800856 | 200013 | 0 | വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയിട്ടില്ല | 200013 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC യിൽ നിന്നുള്ള വായ്പ | G.O(MS)68/2018/LSGD തിയ്യതി:18-05-2018 | 3963229 | ഇല്ല | ഇല്ല | 3963229 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട

# ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 39 | 2009-10 | 3.4.1 | ഗുണഭോക്തൃ പദ്ധതികൾ കുടുംബശ്രീയെ ഏൽപ്പിച്ച് പണം നൽകി | പണം സർക്കാർ ഫണ്ടിലേക്കു അടവാക്കി പരിഹരിച്ചു. |
| 2014-15 | 2.1 | 2016-17 | 2.1 | വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നുണ്ട് |
| 2014-15 | 3-3 | 2016-17 | 2.5 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | തുകകൾ അടവാക്കി പരിഹരിച്ചു |
| 2002-03 | | 2004-05 | 3.8.1.4.2 | അഡ്വാൻസ് നൽകി,പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | ആർ ആർ നടപടികളിലൂടെ തുക തിരിച്ചടവാക്കി. |
| 2002-03 | 3.2 | 2008-09 | 3.5.8 | ഭവന നിർമ്മാണ ധനസഹായം നൽകിയതിലെ അപാകത | ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയിട്ടുണ്ട്. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമാക്കിയിട്ടില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,66,52,128 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,01,79,906 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15,36,335 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 68985 | സുബ്രഹ്മണ്യൻ.ആർ,സെക്രട്ടറി (അധിക ചുമതല) |
| 1-23 | 24900 | അർച്ചന വിശ്വനാഥൻ,കൃഷി ഓഫീസർ |
| 1-26 | 300000 | സുബ്രഹ്മണ്യൻ.ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-27(a) | 37500 | സുബ്രഹ്മണ്യൻ.ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-27(b) | 60000 | സുബ്രഹ്മണ്യൻ.ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 1000000 | സുബ്രഹ്മണ്യൻ.ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-29(a) | 17950 | സുബ്രഹ്മണ്യൻ.ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-29(b) | 27000 | സുബ്രഹ്മണ്യൻ.ആർ,അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83, 84-85 മുതൽ 93-94 വരെ | എൽ.എഫ്.ടി(എസ്.2)-1640/11/ തീയതി 28.10.11/ 06.12.11 | |
| 1994-95, 95-96 | എൽ.എഫ്.ടി.(എസ്.2) - 1640/11/ തീയതി 28.10.11/ 06.12.11 | |
| 1996-97 | എൽ.എഫ്.ടി.(എസ് 11) 241/04 തീയതി 10.08.04 | |
| 1997-98 | എൽ.എഫ്.ടി.(എസ് 11) 1316/98 തീയതി 05.02.99 | |
| 1998-99 | എൽ.എഫ്.ടി.(എസ് 11) 1570/00 തീയതി 05.03.11 | |
| 1999-2000, 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.(എസ് 11) 1244/03 തീയതി 21.08.04 | |
| 1999-2000 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1251/04 തീയതി 18.05.05 | |

| | | |
|---|---|---|
| 2000-01 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1536/07 തീയതി 07.11.08 | |
| 2001-02 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 2362/07 തീയതി 07.11.08 | |
| 2002-03 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 2363/07 തീയതി 07.11.08 | |
| 2003-04 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1686/07 തീയതി 07.11.08 | |
| 2004-05 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 32/09 തീയതി 21.06.10 | |
| 2005-06 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1388/09 തീയതി 02.07.10 | |
| 2006-07 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1389/09 തീയതി 02.07.10 | |
| 2007-08 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 921/10 തീയതി 23.03.11 | |
| 2008-09 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 922/10 തീയതി 23.03.11 | |
| 2009-10 | എൽ.എഫ്.ടി.(പി 4)1101/12 തീയതി 22.11.12 | |
| 2010-11 | എൽ.എഫ്.ടി.(പി 4)1096/12 തീയതി 21.11.12/13.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി 4)1116/13 തീയതി 04.12.13 | |
| 2012-13 | എൽ.എഫ്.ടി.(പി 8)1035/14 തീയതി 14.11.14/07.01.15 | |
| 2013-14 | എൽ.എഫ്.ടി.(പി 8)193/15 തീയതി 03.08.15/02.06.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 1418/15 തീയതി 07.11.15/ 07.12.15 | |
| `2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 2203/16 തീയതി : 20-01-2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 1297/17 തീയതി : 07-08-2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 709/19 തീയതി :22.05.2019 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം (AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,